THE MALANKARA SABHA

# മലങ്കരസഭ

2 നവംബർ 2016

The Official Media of Malankara Orthodox Syrian Church

## പരുമല പെരുനാൾ പതിപ്പ് 2016





# പരുമല കാൻസർ കെയർ സെന്റർ
# സ്വപ്നസാഫല്യത്തിലേക്ക്...

**വാത്സല്യമക്കളേ,**

പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയോടനുബന്ധിച്ച് കാൻസർ രോഗചികിത്സയ്ക്കായി ഏറ്റവും നൂതന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് മലങ്കര ഓർത്തഡോക്സ് സഭ ആരംഭിച്ച പദ്ധതിയാണ് പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ.

കാതോലിക്കേറ്റ് ശതാബ്ദി പ്രൊജക്ടായി നാം പ്രഖ്യാപിക്കുകയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നേതൃത്വം നൽകുകയും ചെയ്തുവരുന്ന ഈ പദ്ധതിക്കായി നാളിതുവരെ 115 കോടി രൂപ മുടക്കിക്കഴിഞ്ഞു. ഈ ബൃഹത്പദ്ധതി പൂർത്തീകരിക്കണമെങ്കിൽ ഇനിയും 30 കോടി രൂപ ഉണ്ടാകണം.

പ. സഭയുടെ നിർണ്ണായക ഘട്ടങ്ങളിലെല്ലാം സഭാ മക്കൾ ഉണർന്നു പ്രവർത്തിച്ചിട്ടുണ്ട് എന്നത് ഇത്തരുണത്തിൽ നാം പ്രത്യേകം സ്മരിക്കുന്നു.

**ഓരോ ഭദ്രാസനങ്ങൾക്കും നിശ്ചിത ടാർജറ്റ് നൽകി വായ്പകൾ 7% പലിശയോടും, പലിശ രഹിതമെങ്കിൽ 9000/- രൂപയുടെ ചികിത്സാ ആനുകൂല്യത്തോടും കൂടി തുക സമാഹരിക്കുന്ന കർമ്മപദ്ധതി തുടങ്ങിക്കഴിഞ്ഞു. ഓരോ വ്യക്തിയും അവരുടെ സാമ്പത്തിക ശേഷിയ്ക്ക് അനുസൃതമായി ഒരു യൂണിറ്റോ ആയതിന്റെ ഗുണിതങ്ങളോ നൽകി ഈ ആതുര ശുശ്രൂഷാ സംരംഭത്തെ വിജയിപ്പിക്കണം.**

നിങ്ങൾ എവരുടെയും പ്രാർത്ഥനയും, സഹകരണങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു.

**നിങ്ങൾക്കേവർക്കും ദൈവം എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും നൽകുമാറാകട്ടെ.**



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

**സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്ററിനെ**

## എങ്ങനെയൊക്കെ സഹായിക്കാം?

### പലിശ രഹിത വായ്പ

പരുമല കാൻസർ സെന്ററിന്റെ നിർമ്മാണാർത്ഥം പുറപ്പെടുവിക്കുന്ന ഉടമ്പടി രേഖകളിലൂടെ (**Bonds**) ഒരു ലക്ഷം രൂപാ മുതൽ ധനസഹായം നൽകാവുന്നതാണ്. പങ്കാളികളാകുന്നവർക്ക് 9000രൂപയുടെ ചികിത്സാ ആനുകൂല്യം പരുമല മിഷൻ ഹോസ്പിറ്റലിൽ നിന്നും ലഭ്യമാണ്. സ്വന്തമായോ മറ്റുള്ളവർക്കോ ഇത് ഉപയോഗിക്കുവാൻ സാധിക്കും.

### ബോണ്ടുകൾ 7% പലിശ നിരക്കിൽ

ഒരു ലക്ഷം മുതൽ ബോണ്ട് ആരംഭിക്കുന്നു. നൽകുന്ന തുകക്ക് 7% പലിശ. 5 വർഷം കഴിഞ്ഞ് തുകയും പലിശയും തിരികെ ലഭിക്കുന്നു.

### വാർഡുകൾ പണികഴിപ്പിക്കുക

സ്ഥാപനങ്ങളുടെ പേരിലോ / പ്രിയപ്പെട്ടവരുടെ പേരിലോ ചെറുതും വലുതുമായ വാർഡുകൾ സ്പോൺസർ ചെയ്യാവുന്നതാണ്. 18 ലക്ഷം രൂപാ മുതൽ ആരംഭിക്കുന്നു.

### സംഭാവനകൾ

പരുമല കാൻസർ സെന്ററിനായി നൽകുന്ന സംഭാവനകൾക്ക് **80 G** പ്രകാരം നികുതി ഇളവ് ലഭിക്കുന്നതാണ്.

Cheques & Drafts are to be drawn in favour of

**ST. GREGORIOS INTERNATIONAL CANCER CARE CENTRE, PARUMALA**

**Our Bank**

**AXIS BANK, THIRUVALLA**
**A/c No. 914010016776677 IFSC: UTIB0000422**

**or**

**FEDERAL BANK, MANNAR, KERALA**
**A/c No. 11310200003697 IFSC: FDRL0001131**

**Foreign Contributions**

**FEDERAL BANK, MANNAR, KERALA**
**A/C No: 11310100021237, IFSC: FDRL0001131**

## ST. GREGORIOS INTERNATIONAL CANCER CARE CENTRE

Parumala P.O., Pathanamthitta (Dist), Kerala State, India- 689 626, Tel : 0091 (0) 479 2312266/2312465
www.sgiccc.com , sgicccparumala@gmail.com Find us @ Facebook: sgi cancercarecentreparumala



# പരുമല തിരുമേനിയുടെ ജീവിതം മാതൃകയാവണം

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

പവിത്രശുദ്ധിയിൽ പുണ്യജീവിതം നയിച്ച പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി പകർന്നത് സാമൂഹികവും ആദ്ധ്യാത്മികവുമായ നവോത്ഥാന ദർശനങ്ങളാണ്. അതിനാൽ ജാതിഭേദമെന്യേ മലയാളി മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ മഹാപരിശുദ്ധനാണ് പരുമല തിരുമേനി. അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസ പ്രവർത്തകൻ, എഴുത്തുകാരൻ, മനുഷ്യസ്നേഹി എന്നീ നിരവധി വിശേഷണങ്ങൾ ഉണ്ടെങ്കിലും പരിശുദ്ധൻ എന്ന നിലയിലാണ് ആ പുണ്യവാൻ ലോക പ്രശസ്തി ലഭ്യമായിട്ടുള്ളത്.

എനിക്ക് പത്തു വയസ്സുള്ളപ്പോഴാണ് ജന്മദേശമായ കുന്നംകുളത്തു നിന്നു തീർത്ഥാടനമായി പരുമലയിൽ എത്തുന്നത്. തിരുവല്ലയിലെ പുളിക്കീഴ് മുതൽ നടന്ന് പരുമലപള്ളിയിൽ എത്തി നേർച്ച സമർപ്പിച്ചതും പമ്പയാറ്റിന്റെ മണൽപരപ്പിൽ കിടന്നുറങ്ങിയതും ഇന്നും ഓർക്കുന്നു. പരുമല തിരുമേനി ചവിട്ടി നടന്ന മണ്ണിലാണല്ലോ കിടക്കുന്നതെന്ന ഓർമ്മ എന്നിൽ പ്രത്യേകമായ ദിവ്യചൈതന്യം പകർന്നു. പ്രാർത്ഥന ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും എന്ന് പഠിപ്പിച്ച പരുമല തിരുമേനി, 'നിത്യവും ആരാധനാ ജീവിതം നയിക്കുന്നവൻ അസത്യവാനോ, ദുർമാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, ആയിത്തീരുകയില്ല, എന്ന് പ്രബോധിപ്പിച്ചു. പ്രാർത്ഥന, ഉപവാസം, ആരാധന, ലളിത ജീവിതം എന്നിവവഴി ദൈവാഭിമുഖ്യത്തിൽ വളർന്ന് ജീവിത വിശുദ്ധീകരണം പ്രാപിക്കുന്ന ആധ്യാത്മിക ദർശനമാണ് പരുമല തിരുമേനിയുടേത്.

> പരുമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിത ദർശനം മാതൃകയായി സ്വീകരിക്കാൻ കഴിയണം. പരിശുദ്ധ പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചതിന്റെ സപ്തതി വർഷമാണ് 2016.

വിവിധ കാലങ്ങളായി മലങ്കരസഭയിലെ നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതല വഹിച്ച തിരുമേനി കേരളത്തിലെ വടക്കു മുതൽ തെക്കുവരെയുള്ള എല്ലാ പള്ളികളിലും എത്തി ആധ്യാത്മിക പ്രബോധനത്തിനു നേതൃത്വം നൽകി. സ്തുതി ചൊവ്വാക്കപ്പെട്ട, സത്യവിശ്വാസം പരിരക്ഷിക്കുവാൻ ധീരമായ നിലപാടുകൾ സ്വീകരിക്കുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു. സത്യവിശ്വാസത്തിന്റെ കാവൽക്കാരനും സൂക്ഷിപ്പുകാരനുമായിരുന്നു അദ്ദേഹം.

പരുമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിത ദർശനം മാതൃകയായി സ്വീകരിക്കാൻ കഴിയണം. സമൂഹത്തിന് നന്മ പകരുന്ന ദർശനങ്ങൾ രൂപപ്പെടുത്തുവാൻ പരുമല തീർത്ഥാടനം വഴിയൊരുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.


CANCER CARE CHARITY PROJECT



പരുമലയിൽ നമ്മുടെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ്. ക്ലേശപൂർണ്ണമായ ഒരായിരം പ്രതിസന്ധികളെ അതിജീവിച്ചാണ് നാം ഈ സ്വപ്നം പൂർത്തീകരിച്ചത്. ഇനിയും കടമ്പകൾ ഏറെയാണ്. നിരാലംബരായ അനേകം കാൻസർ രോഗികളുടെ കണ്ണുനീരൊപ്പാൻ പരുമല ആശുപത്രി നൽകുന്ന മെച്ചപ്പെട്ട സേവനം പര്യാപ്തമാകണം. ഇതിന്റെ ഓരോ സ്പന്ദനവും നിങ്ങളുടെ ഓരോരുത്തരുടെയും അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വിലയാണ്.

സ്നേഹ സ്പർശം സഹായ പദ്ധതി വഴി അഞ്ചു കോടി രൂപ സ്ഥിരനിക്ഷേപം പ്രതീക്ഷിക്കുന്നു. അതിന്റെ പലിശ അർഹരായ പാവപ്പെട്ട രോഗികൾക്ക് ചികിത്സ സഹായമായി നൽകും.

സ്നേഹസ്പർശം പദ്ധതിക്ക് നൽകുന്ന സംഭാവനകൾക്ക്
80 G പ്രകാരം നികുതിയിളവ് ലഭിക്കും.
***Contributions in Indian Rupees***
A/c.No. 0801053000000861
IFSC: SIBL0000801, SWIFT CODE: SOININ55XXX
South Indian Bank, Mannar Branch
***Contributions in Foreign Currency***
A/c.No.: 11310100021237
IFSC: FDRL0001131, Federal Bank, Mannar Branch

# ആരാണ് വിശുദ്ധൻ?

■ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ



വിശുദ്ധൻ തന്റെ ഉറവയും ഉറവിടവും കണ്ടെത്തിയവനാണ്. മനുഷ്യന്റെ ഉറവിടവും ഉറവയും എവിടെയാണ്? മനുഷ്യ ജീവിതത്തിന്റെ ഉറവ സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിലാണ്. സംഗീതക്കാരനായ ദാവീദു പാടുന്നുണ്ട്, *ഞങ്ങളുടെ ഉറവകൾ യഹോവയിൽ ആകുന്നുവെന്ന് സംഗീതക്കാരും തപ്പുകൊട്ടുന്നവരും നൃത്തം ചെയ്യുന്നവരും പറഞ്ഞു കൊള്ളട്ടെ.* ഇതിൽ നിറയുന്ന ഉറവ ദൈവത്തിൽ ആകുന്നു എന്ന തിരിച്ചറിവ് പകരുന്ന വലിയ ദർശനമാണ്. എന്തിനാണ് ചിലരെ വിശുദ്ധരാക്കി തീർക്കുന്നത് എന്ന് ചിലരെങ്കിലും ചോദിക്കാറുണ്ട്. വിശുദ്ധ സ്ഥാനം ആർക്കെങ്കിലും നൽകുന്നത് യുക്തിസഹജമാണോ എന്നതാണ് ഭാഷ്യം. വിശുദ്ധി എന്ന പദത്തിന്റെ നിർവ്വചനം നാം തിരിച്ചറിയണം. ദൈവത്തിന്റെ വിശുദ്ധിയും മനുഷ്യന്റെ വിശുദ്ധിയും എന്താണെന്ന് ഉൾക്കൊള്ളണം. *ദൈവമേ നീ പരിശുദ്ധൻ* എന്ന സ്തുതി വചനത്തോടു കൂടിയാണ് എന്നും നാം പ്രാർത്ഥിക്കുന്നത്. ദൈവത്തെ പരിശുദ്ധൻ എന്ന് സ്തുതി വചനങ്ങളിൽ നാം ഏറ്റു പറയുകയാണ്. ദൈവം തന്റെ ഉണ്മയിൽ പരിശുദ്ധനാണെന്നുള്ള പ്രഖ്യാപനമാണ് ഉദ്ദേശിക്കുന്നത്. ദൈവം തന്റെ സത്തയിൽ വിശുദ്ധനാണ് (Holiness is an essential nature of Godhead). ദൈവത്തിന്റെ അന്തസത്തയാണ് വിശുദ്ധി. ഭൂമിയിലുള്ള എല്ലാവരും ചേർന്ന് *ദൈവമേ നീ പരിശുദ്ധനാകുന്നു* എന്ന് നൂറ്റാണ്ടുകളോളം ഉരുവിട്ടാലും ദൈവത്തിന്റെ വിശുദ്ധി കൂടുകയില്ല. അത് ഉരുവിടാതെയിരുന്നാൽ ദൈവത്തിന്റെ വിശുദ്ധിക്ക് കുറവും സംഭവിക്കുകയില്ല. ദൈവത്തിന്റെ വിശുദ്ധിക്ക് ഏറ്റക്കുറച്ചിലുകൾ ഇല്ല. ഓർത്തഡോക്സ് ആരാധന ക്രമത്തിൽ നാം പ്രാർത്ഥിക്കുന്നു: *സ്തുതി നിനക്ക് ആവശ്യം ഉണ്ടായിട്ടല്ല. എന്നാലോ നിന്നെ സ്തുതിക്കുന്നവർ നിന്നാൽ ശ്രേഷ്ഠരാകുവാൻ വേണ്ടിയാണ്.* ദൈവത്തെ സ്തുതിക്കുന്നത് ദൈവത്തിന്റെ മഹത്വത്തിന്റെ മാറ്റ് കൂട്ടുവാനായിട്ടില്ല. എന്നാൽ സ്തുതിക്കുന്നതുവഴി, സ്തുതിക്കുന്നവരുടെ ജീവിതം ഏറ്റവും കൂടുതൽ ശ്രേഷ്ഠതയുള്ളതായി തീരും. ദൈവത്തെ സംബന്ധിച്ച് വിശുദ്ധി എന്നു പറയുന്നത് ദൈവത്തിന്റെ അടിസ്ഥാന ഭാവമാണ്. എന്നാൽ മനുഷ്യന്റെ വിശുദ്ധി എന്നത് വിശുദ്ധിയുടെ ഉറവയായ ദൈവത്തോട് ചേർന്നു നിന്ന്, ആ ഉറവയിൽ നിന്ന്, ആർജ്ജിച്ചെടുക്കുന്ന ഗുണമാണ്. ദൈവത്തിന്റെ വിശുദ്ധി സത്താപരമാണ്. മനുഷ്യന്റെ വിശുദ്ധി ആർജ്ജിച്ചെടുക്കുന്ന ഗുണവിശേഷണമാണ്.

ദൈവത്തിൽ നിന്നും ആർജ്ജിച്ചെടുത്ത ഗുണമാണ് മനുഷ്യന്റെ വിശുദ്ധി. ദൈവം പരിശുദ്ധൻ എന്ന് പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ ഉണ്മയിൽ, സത്തയിൽ വിശുദ്ധനാണെന്ന് വിശ്വസിച്ച് ഏറ്റുപറയുകയാണ്. പരുമല തിരുമേനി വിശുദ്ധൻ എന്നു പറയുമ്പോൾ വിശുദ്ധിയുടെ ഉറവിടമായ ദൈവത്തോട് അഭേദ്യമായ ബന്ധം നിലനിർത്തി ദൈവത്തിൽ നിന്നും വിശുദ്ധി എന്ന ഗുണം ആർജ്ജിച്ച് എടുത്തിട്ടുള്ള മഹാവ്യക്തിത്വത്തെയാണ് സ്മരിക്കുന്നത്. ദൈവത്തിന്റേത് സത്താപരമായ വിശുദ്ധിയും മനുഷ്യന്റേത് ആർജ്ജിത വിശുദ്ധിയുമാണ്. വിശുദ്ധിയുടെ ഉറവയായ ദൈവത്തോട്, സത്താപരമായ വിശുദ്ധിയുള്ള ദൈവത്തോട്, നിലച്ചു പോകാത്ത ബന്ധം നിലനിർത്തി വിശുദ്ധിയുടെ ഗുണം ആർജ്ജിച്ചെടുത്തവരാണ് വിശുദ്ധർ. ■



ഫാ. കെ.വി. ജോസഫ് റമ്പാൻ
(അസി. മാനേജർ)



ഫാ. എ.ജി. ജോസഫ് റമ്പാൻ
(അസി. മാനേജർ)



ഫാ. വൈ. മത്തായിക്കുട്ടി
(അസി. മാനേജർ)

## പരുമല തിരുമേനി വിശുദ്ധ പർവ്വം

ഫാ. വൈ. മത്തായിക്കുട്ടി
(അസി. മാനേജർ, പരുമല സെമിനാരി)

ജീവിത വിശുദ്ധികൊണ്ട് കർമ്മ മേഖലകളിൽ പ്രശോഭിച്ച ദിവ്യ ജ്യോതിസ്സാണ് പരുമല തിരുമേനി. ജീവിത വിശുദ്ധിയുടെ സാദ്ധ്യത അനന്തമാണെന്നും തലമുറകളെയും ചരിത്രത്തെയും പ്രചോദിപ്പിക്കുവാൻ ശേഷിയുണ്ടെന്നും പരുമല കബറിടത്തിലെ ഭക്തജന പ്രവാഹം സാക്ഷ്യപ്പെടുത്തുന്നു.

ഭാരത ക്രൈസ്തവ സഭകളിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനും പുണ്യപിതാവും താപസ ശ്രേഷ്ഠനുമാണ് പ. പരുമല തിരുമേനി. അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ ഖ്യാതി നൂറ്റാണ്ടുകളിലേക്കു വെളിച്ചം വീശുന്നു. ആ പിതാവ് പകർന്നു നൽകിയ ആദ്ധ്യാത്മിക വിശുദ്ധിയുടെ സുഗന്ധം അനേകം പേർക്ക് സൗരഭ്യം അരുളുന്നു. പ്രാർത്ഥന ആയുധമാക്കിയ തന്റെ ജീവിതം നോമ്പ്, ഉപവസാം, കുരിശുവര, കുമ്പിടീൽ എന്നി പൗരസ്ത്യ ആദ്ധ്യാത്മിക നിഷ്ഠകളാൽ സ്വർണ്ണം പോലെ സ്ഫുടം ചെയ്യപ്പെട്ടു.

പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചത് 1947 നവം. 2-നാണ്. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ. സുന്നഹദോസാണ് പരിശുദ്ധനായി പ്രഖ്യാപിച്ചത്. 2016 പരുമല തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനത്തിന്റെ സപ്തതി വർഷമാണ്.

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ Mob:- 9744648617



പരുമല പെരുനാൾ തീർത്ഥാടന വാരാഘോഷ പൊതുസമ്മേളനം ഡോ. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. *(2016 ഒക്ടോ. 26)*



അഖില മലങ്കര മർത്തമറിയം സമാജം സമ്മേളനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. *(2016 ഒക്ടോ. 27)*



അഖില മലങ്കര സുവിശേഷ സംഘത്തിന്റെയും പ്രാർത്ഥനാ യോഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഉപവാസ ധ്യാനം മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ഉദ്ഘാടനം ചെയ്യുന്നു. *(2016 ഒക്ടോ. 28)*



മലങ്കരസഭ മാസികയുടെ ആഭിമുഖ്യത്തിൽ നടത്തിയ മാധ്യമ സെമിനാർ പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഡോ. മധു ഇറവങ്കര ഉദ്ഘാടനം ചെയ്യുന്നു. *(2016 ഒക്ടോ. 29)*

# പരുമല പെരുനാൾ

– ഫാ. എം.സി. കുര്യാക്കോസ്
(മാനേജർ, പരുമല സെമിനാരി)



ഭാരതീയ ക്രൈസ്തവ സഭയിലെ പ്രഥമ പരിശുദ്ധനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനുമായ പരുമല മാർ ഗ്രിഗോറിയോസ് (പരുമല കൊച്ചുതിരുമേനി) തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാൾ 2016 നവംബർ ഒന്നും രണ്ടും വിവിധ പരിപാടികളോടുകൂടി ഏറ്റവും ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപനത്തിന്റെ സപ്തതി നിറവിലാണ് ഈ വർഷത്തെ പെരുനാൾ കൊണ്ടാടുന്നത്.

പ്രാർത്ഥനാ ജീവിതം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും ക്രിസ്ത്യാനുരൂപിയായിത്തീർന്ന വറ്റാത്ത ആത്മീയ സ്രോതസ്സാണ് പരിശുദ്ധ തിരുമേനി. പരിശുദ്ധിയുടെ ഉത്തുംഗ ശ്രേണിയിൽ പരുമല തിരുമേനി എത്തിച്ചത് ജീവിത വിശുദ്ധിയും തപോനിഷ്ഠയും പ്രാർത്ഥനാ ജീവിതവും ആത്മനിറവുമാണ്. "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രോസ് 1:15) എന്ന വചനം യഥാർത്ഥ തലത്തിൽ ഉൾക്കൊണ്ട വ്യക്തിത്വമാണ് പരുമല തിരുമേനിയുടേത്. ആ വിശുദ്ധന്റെ കബറിടത്തിലേക്ക് വരുമ്പോൾ പരുമല തിരുമേനിയുടെ ദിവ്യതേജസ്സിന്റെ പ്രഭ ഉൾക്കൊള്ളുവാൻ വിശ്വാസികൾക്ക് കഴിയണം. പരുമലയിലെ ഈ പുണ്യ പിതാവ് വളർത്തിയെടുത്ത ആദ്ധ്യാത്മിക പാരമ്പര്യം സഭയിൽ എല്ലായിടവും വളർന്നുവരുവാൻ പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത ഇടയാകട്ടെ.



പരിശുദ്ധ പരുമല തിരുമേനിയുടെ 114-ാം ഓർമ്മപ്പെരുന്നാളിന്റെ കൊടി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആശീർവദിക്കുന്നു. മെത്രാപ്പോലീത്തന്മാരായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ തേവോദോസ്യോസ്, എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസ് എന്നിവർ സമീപം.

# ഭക്തിയും വിശുദ്ധിയും വളർത്തണം

## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

**പരുമല:** ദൈവം നൽകിയ സംഗീതാഭിമുഖ്യം പ്രതിബദ്ധതയോടെ ഭക്തിയിലും വിശുദ്ധിയിലും വളർത്തുവാൻ ഗായക സംഘങ്ങൾ ശ്രദ്ധിക്കണമെന്ന് നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

പരുമലയിൽ നടന്ന അഖില മലങ്കര ഗായകസംഘം സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആരാധനാ സ്ഥലം വിശുദ്ധമായതിനാൽ സ്ഥലത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും ഉത്തമ ബോധ്യമുണ്ടായിരിക്കണം. ദൈവസന്നിധിയിൽ ഒരുക്കത്തോടും വിശുദ്ധിയോടും എത്തിച്ചേരണം. സ്വർഗ്ഗത്തിലെ മാലാഖമാർ സ്തുതിക്കുന്നതുപോലെ ഗായകസംഘങ്ങളും ദൈവത്തെ സ്തുതിക്കുന്നു എന്ന തിരിച്ചറിവും വളർത്തണമെന്ന് മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പറഞ്ഞു.

3500-ലധികം ക്രിസ്തീയ ഭക്തിഗാനങ്ങൾ എഴുതിയ ബേബി ജോൺ കലയന്താനി മുഖ്യ പ്രഭാഷണം നടത്തി. ദൈവത്തിന്റെ സ്വരം ഭൂമിയിൽ ശബ്ദ ശ്രുതി ലയ താള ഭാവത്തോടെ അവതരിപ്പിക്കുന്നവരാണ് ഗായകർ. സ്വർഗ്ഗം കൈയ്യൊപ്പിട്ട ഗായക സംഘങ്ങൾ ഭക്തി വളർത്തുവാൻ ദൈവാശ്രയത്തിലും താഴ്മയിലും ജീവിക്കണം. ദൈവകൃപ ലഭ്യമാകുമ്പോൾ സംഗീതത്തിൽ ഭക്തിയും വിശുദ്ധിയും വളർത്തുവാൻ കഴിയും. വിശുദ്ധ ആരാധനയ്ക്ക് ഒരുങ്ങുമ്പോൾ ദൈവം നിയോഗിച്ചിരിക്കുന്നു എന്ന ബോധ്യം ഉണ്ടാകണം. ദൈവത്തിന്റെ പ്രകാശം ഗായകരുടെ ജീവിതത്തിന്റെ ഭാഗമാക്കി തീർത്ത് ദൈവോന്മുഖതയിലേക്ക് വളരണമെന്നും അദ്ദേഹം പറഞ്ഞു. കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ, ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. എം.പി. ജോർജ് എന്നിവർ മുഖ്യ നേതൃത്വം നൽകി. *(2016 ഒക്ടോ. 29)*



## VISIT OF H.H. ABUNE MATHIAS PATRIARCH OF ETHIOPIA

### 19-25, NOVEMBER, 2016

**19 Saturday, November :** 11:30 a.m: Arrival in Kochi Airport.
**Sunday 20 :** 7:50 a.m: HQ at the St. Mary's Orthodox Cathedral, Arthat. 12:00: Reception at Pazhanji, 4:00 p.m: The Bicentenary Meeting.
**Monday 21 :** 7:00 p.m: Attending the Synodal Session followed by dinner at Devalokam.
**Tuesday 22 :** 2:30 p.m: St. George Church, Kuzhimattom, 4:30 p.m: Inauguration of *Snehasparsam,* The Cancer Care Charity Project of the Church. Venue: Mammen Mappilai Hall, Kottayam.
**Wednesday 23 :** 9:30 a.m: Parumala Pally, 10:30 a.m: Consecration and Inauguration of St. Gregorios International Cancer Research Centre, Parumala.,
2:30 p.m:St. Mary's Church Niranam.
**Thursday 24:** 7:30 a.m.: Holy Eucharist Service and 200th year memorial of Malankara Metropolitan Joseph Mar Dionysius II (Pulikottil I) Old Seminary, Kottayam.
Late Afternoon: Farewell to the entourage of H.H. the Patriarch from Devalokam Aramana. Return enroute Mumbai-Addis Ababa.




# പരുമല സെമിനാരി



**പരുമല:** പുതിയ ഓഫീസിൽ ഒന്നിലധികം കൗണ്ടറുകളും ഇൻഫർമേഷൻ സെന്ററും (0479– 2312202, 2312328) ആരംഭിച്ചു.

ധ്യാനമന്ദിരത്തിൽ താമസിക്കുവാൻ എത്തുന്നവർ (0479– 2312226, 232226) നിർബന്ധമായും വികാരിയുടെ കത്തുമായി എത്തിച്ചേരണം. പരുമല പള്ളിയിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ടായിരിക്കും. വെള്ളി, ഞായർ 6.30 -ന് ചാപ്പലിലും 8.30 ന് പള്ളിയിലും വി. കുർബ്ബാന ആരംഭിക്കും. ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ ഏഴരയ്ക്കും ബാക്കി ദിവസങ്ങളിൽ ഏഴുമണിക്കും പള്ളിയിൽ വി. കുർബ്ബാന ആരംഭിക്കും.

ബുധനാഴ്ച രാവിലെ 10.30 മുതൽ പള്ളിയിൽ വിശ്വാസ പഠനക്ലാസ്സും വെള്ളിയാഴ്ച 10.30 മുതൽ ധ്യാനവും ഉണ്ടായിരിക്കും. പരുമല പള്ളിയിൽ എല്ലാദിവസവും വി. മാമോദീസാ ശുശ്രൂഷയ്ക്ക് സൗകര്യം ഉണ്ടായിരിക്കും. വികാരിയുടെ എഴുത്തുമായി മാനേജരെ സമീപിക്കണം.

**പ്രീ മാരിറ്റൽ കൗൺസിലിങ്ങിന് പരുമലയിൽ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.**

## www.gregoriantv.com

**മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് വെബ് ചാനൽ**

**ഫാ. എം.സി. കുര്യാക്കോസ്,** പരുമല സെമിനാരി മാനേജർ, പരുമല, മാന്നാർ, 0479-2310894, 9497112328, 9446606264

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 2/November/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment




PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL